## ലേബർ കമ്മീഷണറുടെ നടപടിക്രമം

(സാന്നിധ്യം : സഫ്ന നസറുദ്ദീൻ ഐ എ എസ്)

വിഷയം :- തൊഴിൽ വകുപ്പ് - ജീവനക്കാര്യം – പൊതു സ്ഥലംമാറ്റം 2025 - സീനിയർ സൂപ്രണ്ട് തസ്തികയിലെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന :- (1) 25/02/2017 ലെ സ.ഉ(പി) നം. 3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്.

(2) ഈ കാര്യാലയത്തിലെ 05.03.2025 തീയതിയിലെ 07/2025 നമ്പർ സർക്കുലർ.

(3) ഈ കാര്യാലയത്തിലെ 04.04.2025 തീയതിയിലെ 09/2025 നമ്പർ സർക്കുലർ.

(4) ഈ കാര്യാലയത്തിലെ 21.05.2025 തീയതിയിലെ ഇതേ നമ്പർ കത്ത്.

(5) സർക്കാരിൽ നിന്നുള്ള 02.07.2025 തീയതിയിലെ ഡി3/189/2025/തൊഴിൽ നമ്പർ കത്ത്.

### ഉത്തരവ് നം LCO/ 92/2025 ഇ4 തീയതി 08-08-2025

വായന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തൊഴിൽ വകുപ്പിലെ ജീവനക്കാരുടെ 2025 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷകൾ വായന (2) സർക്കുലർ പ്രകാരം ഓൺലൈനായി SPARK മുഖേന ക്ഷണിക്കുകയും, കരട് സ്ഥലംമാറ്റ ഉത്തരവ് വായന (3) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കരട് സ്ഥലംമാറ്റ ഉത്തരവിനെതിരെ ലഭ്യമായ ആക്ഷേപങ്ങൾ/പരാതികൾ എന്നിവയിന്മേൽ വായന (4) പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

സീനിയർ സൂപ്രണ്ട് തസ്തികയിലെ കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി രാജി.എസ് ന് ടിയാളുടെ അന്യത്രസേവന കാലയളവ് കൂടി ഔട്ട്സ്റ്റേഷൻ സർവ്വീസായി പരിഗണിച്ചാണ് സ്ഥലംമാറ്റത്തിനായി SPARK ൽ നിന്നും ലഭ്യമായ കരട് പട്ടികയിൽ ഉൾപ്പെട്ടത് എന്ന് ആക്ഷേപമുന്നയിച്ചുകൊണ്ട് മിനിമം വേതന ഉപദേശക സമിതി കാര്യാലയത്തിലെ സെക്രട്ടറി ശ്രീമതി.പ്രീണ മംഗളാനന്ദൻ ആക്ഷേപം ഉന്നയിക്കുകയും, ഈ വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആരായുകയും ചെയ്തു. തുടർന്ന്, അന്യത്രസേവന കാലയളവ് സ്ഥലംമാറ്റത്തിനു വേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ലെന്നും വായന (1) സർക്കാർ ഉത്തരവിലെ പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പൂർണ്ണമായും പാലിച്ചുകൊണ്ട് സ്ഥലംമാറ്റം നടത്താവുന്നതാണെന്നും സർക്കാർ വായന (5) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

സർക്കാരിൽ നിന്നും ലഭ്യമായ സ്പഷ്ടീകരണത്തിന്റേയും വായന (1) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സ്റ്റേഷൻ സീനിയോറിറ്റി, സർവ്വീസ് സീനിയോറിറ്റി, ഔട്ട് സ്റ്റേഷൻ സർവ്വീസ് എന്നിവ പരിഗണിച്ചാൽ ശ്രീമതി. പ്രീണ മംഗളാനന്ദന് പൊതുസ്ഥലംമാറ്റത്തിൽ

കൂടുതൽ അർഹതയുള്ളതായി കാണുന്നു.

മേൽ സാഹചര്യത്തിൽ, 2025 ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി, തൊഴിൽ വകുപ്പിലെ സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിൽ ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം നടത്തിക്കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | പേര്, പെൻ നം. | നിലവിലെ ഓഫീസും തസ്തികയും | സ്ഥലം മാറ്റി നിയമിക്കുന്ന ഓഫീസും തസ്തികയും | റിമാർക്കസ് |
|---|---|---|---|---|
| 1 | ശ്രീമതി പ്രീണ മംഗളാനന്ദൻ (230727) | സെക്രട്ടറി, മിനിമം വേതന ഉപദേശക സമിതിയുടെ കാര്യാലയം, തിരുവനന്തപുരം | സീനിയർ സൂപ്രണ്ട്, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, കൊല്ലം | അപേക്ഷ പ്രകാരം |
| 2 | ശ്രീമതി ബിനു.എം.എസ് (230346) | സീനിയർ സൂപ്രണ്ട്, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം | സെക്രട്ടറി, മിനിമം വേതന ഉപദേശക സമിതിയുടെ കാര്യാലയം, തിരുവനന്തപുരം | -- |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ പ്രസ്തുത ഉത്തരവ് നടപ്പിലാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Safna Nazarudeen

LABOUR COMMISSIONER

1. ശ്രീമതി പ്രീണ മംഗളാനന്ദൻ,
സെക്രട്ടറി, മിനിമം വേതന ഉപദേശക സമിതിയുടെ കാര്യാലയം,
തിരുവനന്തപുരം.

2. ശ്രീമതി ബിനു.എം എസ്,
സീനിയർ സൂപ്രണ്ട്,
റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം,
കൊല്ലം.

പകർപ്പ് –

1. ലേബർ കമ്മീഷണറുടെ പി. എ.

2. അഡീഷണൽ ലേബർ കമ്മീഷണർ (ഇ / ഐ.ആർ / ഡബ്ല്യു)

3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

4. ജോയിന്റ് ലേബർ കമ്മീഷണർ (പി)

5. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം

6. ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)

7. സെക്രട്ടറി, മിനിമം വേതന ഉപദേശക സമിതിയുടെ കാര്യാലയം, തിരുവനന്തപുരം

8. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

M. S. Priya

for സീനിയർ സൂപ്രണ്ട് (ഇ)